# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :960 — 05.03.2018- ൽ മറുപടിക്ക്

**നെല്ലിയാമ്പതിയിലെ പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ . ബാബു** | | **പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) നെല്ലിയാമ്പതിയിലെ പോളച്ചിറക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; സ്കൂളിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) & (ബി) | ഉണ്ട്, മാനേജർ സ്കൂൾ കെട്ടിടത്തിന്റെ ഫിറ്റ്നസ് സമർപ്പിക്കുന്നതുവരെ സ്കൂളിന്റെ പ്രവർത്തനം ഇപ്പോൾ നടത്തിക്കൊണ്ടു പോകുന്ന നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ തന്നെ തുടർന്നുകൊണ്ട് പോവുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എസ് .എസ് എൽ.സി പരീക്ഷ നടത്തിപ്പും വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണം വിതരണം സംബന്ധിച്ച നടപടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തുന്നത് ഏതെല്ലാം കേന്ദ്രങ്ങളിലാണെന്ന വിശദമാക്കുമോ ; | | |
| (സി) 80% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾ പഠിക്കുന്ന പോളച്ചിറക്കൽ ഹയർസെക്കണ്ടറി സ്കൂൾ ഏറ്റെടുത്ത്, വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള ഭൗതിക സൗകര്യം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ബഹു.ഹൈക്കോടതിയുടെ WP(C) 31810/17-ൻ മേലുള്ള വിധി ന്യായത്തിന് വിധേയമായി ടി സ്കൂൾ അദ്ധ്യായനം എത്രയും പെട്ടെന്ന് തന്നെ പഞ്ചായത്ത് കെട്ടിടത്തിൽ നിന്നും മാറ്റി കെ.ഇ.ആർ അളവിലുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന് പ്രസ്തുത സ്കൂളിന്റെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് നടത്തി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി ടി സ്കൂൾ അദ്ധ്യായനം പുന:സ്ഥാപിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി. സ്കൂൾ ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിഗണനയില്ല. |
| (ഡി) നിലവിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ